**പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-33

Phone:0471-2737251, 2737252 Email:egrantzscdd@gmail.com

---

No: SCDD/806/2022-B2 (EDN B) Date: 24/06/2022

ഡയറക്ടർ

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും

സർ,

വിഷയം: പട്ടികജാതി വികസനം – ഇ-ഗ്രാന്റ്സ്- പ്രീമെട്രിക്- സ്കോളർഷിപ്പ് 2022-23- നിർദേശങ്ങൾ- സംബന്ധിച്ച്

സൂചന :

2022-23 വർഷത്തെ പട്ടികജാതി വിഭാഗം വിദ്യാർഥി പ്രീമെട്രിക് (ലംപ്സം ഗ്രാന്റ്, എഡ്യൂക്കേഷൻ എയ്ഡ്, സ്റ്റൈപ്പന്റ്) അപേക്ഷകൾ ഇ-ഗ്രാന്റ്സ് സൈറ്റ് മുഖേന അപേക്ഷിക്കുന്നതിനുള്ള <u>അവസാന തീയതി 2022 ആഗസ്റ്റ് 15 ആയിരിക്കും.</u> അതിനു മുമ്പായി ഈ വർഷത്തെ എല്ലാ അപേക്ഷകളും ഓൺലൈനായി ഫോർവേർഡ് ചെയ്യുന്നതിന് സ്കൂൾ അധികൃതർക്കു നിർദേശം നൽകേണ്ടതാണ്.

<u>2022-23 വർഷം മുതൽ പ്രീമെട്രിക് ലോഗിനിൽ ചുവടെ പറയും പ്രകാരം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പ്രസ്തുത മാറ്റങ്ങൾ സംബന്ധിച്ച് സ്ഥാപന മേധാവികൾക്ക് ആവശ്യമായ അറിയിപ്പ് നൽകേണ്ടതാണ്.</u>

» സ്കൂൾ തലത്തിൽ ഇനി മുതൽ സിംഗിൾ ലോഗിൻ സംവിധാനമായിരിക്കും. പഴയ പ്രിൻസിപ്പൽ ലോഗിൻ ഇനി ഉണ്ടാവില്ല. നിലവിലുള്ള ക്ലർക്ക് ലോഗിൻ ഈ വർഷം മുതൽ HM ലോഗിൻ എന്ന പേരിൽ അറിയപ്പെടും. നിലവിലുള്ള ക്ലർക്ക് ലോഗിന്റെ User ID, Password എന്നിവ ഉപയോഗിക്കാവുന്നതാണ്. പ്രിൻസിപ്പൽ ലോഗിനിലുണ്ടായിരുന്ന ഓപ്ഷനുകൾ HM ലോഗിനിലേക്കു മാറ്റിയിട്ടുണ്ട്.

» സ്കൂൾ ലോഗിനിൽ SC, ST, BC വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അപേക്ഷിക്കുന്നതിന് പ്രത്യേകം ലിങ്കുകൾ സംവിധാനം ചെയ്തിട്ടുണ്ട്. ഓരോ വിഭാഗം വിദ്യാർഥികളുമായി ബന്ധപ്പെട്ട അപേക്ഷകൾ അതാത് ലിങ്കുകൾ വഴി ചെയ്യേണ്ടതാണ്.

» ആധാർ ഇല്ലാത്ത കുട്ടികൾക്ക് SCDO ലോഗിനിൽ നിന്നും രജിസ്ട്രേഷൻ ചെയ്തു നൽകുന്നതിനുള്ള സൌകര്യം ഇനി ഉണ്ടായിരിക്കില്ല. കുട്ടികളോട് ആധാർ എടുക്കുന്നതിനും അതു വഴി രജിസ്റ്റർ ചെയ്യുന്നതിനും നിർദേശം നൽകുക. ആധാർ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെങ്കിൽ മാത്രം അവസാന ഘട്ടത്തിൽ ഇത്തരം വിദ്യാർഥികൾക്ക് മാന്വലായി സ്കോളർഷിപ്പ് മാറി നൽകാവുന്നതാണ്. സ്കൂളിൽ നിന്നും ഔദ്യോഗികമായി അപേക്ഷ ലഭ്യമാക്കിയതിനു ശേഷം മാത്രമേ ഇപ്രകാരം മാന്വലായി തുക മാറി നൽകാൻ പാടുള്ളൂ .

ഏതൊരു സാഹചര്യത്തിലും ആധാർ അധിഷ്ഠിതമായി സൈറ്റിൽ രജിസ്റ്റർ ചെയ്ത് ഓൺലൈനായി തന്നെ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് മുൻഗണന നൽകേണ്ടതാണ്.

» ഏതെങ്കിലും സാഹചര്യത്തിൽ മാന്വലായി മാറി നൽകുന്ന തുകയുടെ വിവരങ്ങൾ സൈറ്റിൽ രേഖപ്പെടുത്തുന്നതിന് SCDO ലോഗിനിൽ ഓപ്ഷൻ ക്രമീകരിച്ചിട്ടുണ്ട്. ഇത്തരം തുകയുടെ വിവരങ്ങൾ നിർബന്ധമായും സൈറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. മുൻ വർഷങ്ങളിൽ മാറിയ ബില്ലുകളുടെ വിവരങ്ങളും ഇപ്രകാരം രേഖപ്പെടുത്തേണ്ടതാണ്.

» ട്രഷറിയിൽ നിന്നും റിജക്ഷനാകുന്ന ബില്ലുകൾ വീണ്ടും സമർപ്പിക്കേണ്ടതുണ്ടെങ്കിൽ അത്തരം ബില്ലുകൾ തിരികെ ഇ-സബ്മിഷൻ ലവലിൽ എത്തിക്കുന്നതിനുള്ള ഓപ്ഷൻ SCDO ലോഗിനിൽ തയ്യാറാക്കിയിട്ടുണ്ട്. അത് ഉപയോഗിക്കേണ്ടതാണ്. ഇതിനായി ഡയറക്ടറേറ്റിലേക്ക് കത്ത്/ മെയിൽ അയക്കേണ്ടതില്ല.

» ബില്ലുകൾ മാറി ഒരാഴ്ചക്ക ശേഷം Submitted Bills എന്ന ഓപ്ഷനിൽ Get Bill Status എന്ന ലിങ്ക് മുഖേന പ്രസ്തുത ബില്ലിന്റെ സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ഇത് പൂർത്തീകരിച്ചാൽ മാത്രമേ സ്കൂൾ ലോഗിനിൽ Failed Transaction List അപ്ഡേറ്റ് ആവുകയുള്ളൂ.

വിശ്വസ്തതയോടെ,

**SINDHU PARAMESH, JD (EDN) SCDD, O/O JD EDN SCDD**

---

ഇത് ഇ-ഓഫീസ് മുഖേന അംഗീകരിക്കപ്പെട്ട് ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവശ്യമില്ല.
ഇതിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.